പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2944 — 07.02.2018 ൽ മറുപടിക്ക്

## റയിൽവേ വികസനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ടി. തോമസ് | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് റെയിൽവേ വികസനത്തിനായി സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) സംസ്ഥാനത്തിന്റെ റെയിൽവേ അടിസ്ഥാന സൗകര്യ വികസനത്തിനായി സംസ്ഥാന സർക്കാരും കേന്ദ്ര റെയിൽ മന്ത്രാലയവുമായി 51:49 എന്ന ഓഹരി അനുപാതത്തിൽ ഒരു ജോയിന്റ് വെഞ്ചർ കമ്പനി രൂപീകരിക്കുന്നതിനുള്ള കരാർ 2016 സെപ്റ്റംബർ ഒന്നിന് ഡെൽഹിയിൽ വച്ച് ഒപ്പ വയ്ക്കുകയും കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ എന്ന പേരിൽ 2017 ജനുവരി 3-ാം തീയതി കമ്പനി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. സംയുക്ത സംരംഭക കമ്പനിയുടെ പ്രാരംഭ മൂലധനം 100 കോടി രൂപയാണ്. എന്നിരുന്നാലും ഏറ്റെടുക്കുന്ന പദ്ധതികളുടെ അടിസ്ഥാനത്തിൽ ഓഹരിയും ഓഹരി മൂലധനവും റെയിൽ മന്ത്രാലയത്തിന്റെയും സംസ്ഥാന സർക്കാരിന്റെയും അനുവാദത്തോടെ ഉയർത്താവുന്നതാണ്. 2016 ൽ റെയിൽ മന്ത്രാലയം എടുത്ത തീരുമാനം അനുസരിച്ച് അതതു സംസ്ഥാനത്തിന്റെ എല്ലാ പുതിയ പ്രൊപ്പോസലുകളും രൂപ കല്പന ചെയ്യുന്നതും നടപ്പാക്കുന്നതും സംസ്ഥാന സംയുക്ത സംരംഭക കമ്പനി മുഖേനയായിരിക്കണം.<br>സംയുക്ത സംരംഭക കമ്പനിക്ക് ഇതര ഓഹരി ഉടമകളായ ബാങ്കുകൾ, പൊതുമേഖല സ്ഥാപനങ്ങൾ, തുറമുഖങ്ങൾ മുതലായവയുടെ സഹകരണത്തോടെ പ്രത്യേക ദൗത്യ വിഭാഗം (SPV) പദ്ധതി നടപ്പിലാക്കുവാനായി രൂപീകരിക്കാവുന്നതാണ്.<br>സംയുക്ത സംരംഭക കമ്പനിയായ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ഏറ്റെടുക്കുന്ന പ്രധാന പദ്ധതികൾ താഴെ പറയുന്നവയാണ്.<br>1. തലശ്ശേരി- മൈസൂർ ബ്രോഡ് ഗേജ് പാത<br>2. സെമീ ഹൈസ്പീഡ് ട്രെയിനുകൾക്കായി തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ നിലവിലുള്ള ഇരട്ട പാതയ്ക്കുപുറമേ മൂന്നും നാലും ലൈനുകൾ<br>3. റാപിഡ് റെയിൽ ട്രാൻസിറ്റ് സിസ്റ്റം (സബർബൻ റെയിൽ പ്രോജക്ട്)<br>4. എരുമേലി- പുനലൂർ ബ്രോഡ് ഗേജ് പാത<br>5. ഏറ്റുമാനൂർ - പാല - ശബരി ലിങ്ക് ലൈൻ<br>6. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിലേക്കുള്ള ബ്രോഡ് ഗേജ് |

ലൈൻ

7. എറണാകുളത്ത് ഹൈക്കോർട്ടിന് അടുത്തുള്ള പഴയ റെയിൽവേ സ്റ്റേഷൻ പുനരുജ്ജീവിപ്പിച്ച് ഒരു ഹബ്ബ് ആക്കി പ്രവർത്തനം ആരംഭിക്കുന്ന പദ്ധതി

മുകളിൽ പ്രസ്താവിച്ച ഏഴ് പദ്ധതികളിൽ താഴെ പറയുന്ന നാലു പദ്ധതികളുടെ സാധ്യതാ പഠനം നടത്തുകയും ആയതിന്റെ അംഗീകാരത്തിനായി റെയിൽവേ ബോർഡിനു സമർപ്പിക്കുകയും ചെയ്തു.

1. തലശ്ശേരി- മൈസൂർ ബ്രോഡ് ഗേജ് പാത

2. സെമീ ഹൈസ്പീഡ് ട്രെയിനുകൾക്കായി തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ നിലവിലുള്ള ഇരട്ട പാതയ്ക്കുപുറമേ മൂന്നും നാലും ലൈനുകൾ

3. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിലേക്കുള്ള ബ്രോഡ് ഗേജ് ലൈൻ

4. എറണാകുളത്ത് ഹൈക്കോർട്ടിന് അടുത്തുള്ള പഴയ റെയിൽവേ സ്റ്റേഷൻ പുനരുജ്ജീവിപ്പിച്ച് ഒരു ഹബ്ബ് ആക്കി പ്രവർത്തനം ആരംഭിക്കുന്ന പദ്ധതി

| | | |
|---|---|---|
| (ബി) | എറണാകുളം ടെർമിനലിന്റെ വികസനം സംബന്ധിച്ച് ഏതെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ; ഇതിന്മേൽ ഇതുവരെ സർക്കാർ സ്വീകരിച്ച നടപടികളെന്തെന്ന് വിശദമാക്കാമോ? | (ബി) രാജ്യത്തെ 400 റെയിൽവേ സ്റ്റേഷനുകൾ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന ഒരു പദ്ധതി റെയിൽവേ ആവിഷ്കരിച്ചിട്ടുണ്ട്. ആയതിലേയ്ക്ക് കേരളത്തിൽ നിന്ന് തിരഞ്ഞെടുത്ത 21 സ്റ്റേഷനുകളിൽ എറണാകുളം ജംഗ്ഷൻ സ്റ്റേഷനും ഉൾപ്പെട്ടിട്ടുണ്ട്. 3.10.16 ലെ ജി .ഒ.(ആർ റ്റി) നം. 380/2016/ഗതാ നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത പദ്ധതിയ്ക്കായി കോഓർഡിനേറ്റിംഗ് ഓഫീസറെയും പാർട്ട്നേഴ്സിനെയും തിരഞ്ഞെടുത്തിട്ടുണ്ട്. ഇതു കൂടാതെ എറണാകുളത്ത് ഹൈക്കോർട്ടിന് അടുത്തുള്ള പഴയ റെയിൽവേ സ്റ്റേഷൻ പുനരുജ്ജീവിപ്പിച്ച് ഒരു ഹബ്ബ് ആക്കി പ്രവർത്തനം ആരംഭിക്കുന്ന പദ്ധതി കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ഏറ്റെടുത്ത് നടത്തുന്നുണ്ട്. കൊച്ചിൻ എയർപോർട്ടിലേയ്ക്ക് ഒരു റെയിൽ കണ്ടെയ്നർ ട്രാക്ക് നിർമിക്കാനുള്ള പദ്ധതിയുടെ സാധ്യതാ പഠന റിപ്പോർട്ട് തയ്യാറാക്കുവാൻ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ കിറ്റ്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ